## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4240

24.06.2019-ലെ മറുപടി

### വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ പോളിസി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ പോളിസി തയ്യാറായിട്ടുണ്ടോ ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;വ്യക്തമാക്കുമോ ; | (എ), (ബി) & (സി) | സംസ്ഥാനത്ത് ജലനയം നിലവിൽ വന്നത് 2008-ൽ ആണ്. അതിനുശേഷം കേന്ദ്ര സർക്കാർ 2012-ൽ ദേശീയ ജലനയം പ്രസിദ്ധീകരിക്കുകയും ഇത് നിലവിൽ വരുത്തുന്നതിനായി National Water Frame Work Law, തയ്യാറാക്കുകയും ചെയ്തു. ദേശീയ തലത്തിൽ ഇത്തരം ഒരു മാറ്റം വന്നതു കാരണവും, 2008 നു ശേഷം ജലവിഭവ ശേഷി ആസൂത്രണത്തിലും വിനിയോഗത്തിലും സംസ്ഥാനത്തുണ്ടായ മാറ്റം കണക്കിലെടുത്തും 2008 ലെ സംസ്ഥാന ജലനയം പരിഷ്കരിക്കുവാൻ സർക്കാർ തീരുമാനിക്കുകയും പുതിയ ജലനയം തയ്യാറാക്കുന്നതിലേക്കായി GO(Rt)No.922/2017/WRD എന്ന 14.11.2017 ലെ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്യുകയുണ്ടായി. ഇത്തരത്തിൽ ജലനയം 2018 രൂപീകരിക്കുവാനുള്ള നടപടികൾ പുരോഗമിക്കവേയാണ് 2018 -ൽ ഉണ്ടായ മഹാപ്രളയം മറ്റെല്ലാ മേഖലകളെയെന്ന പോലെ ജലവിഭവ മേഖലയെയും സാരമായി ബാധിച്ചത്. പ്രളയാനന്തര അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പ്രളയത്തിന്റെ അനുഭവം കൂടി കണക്കിലെടുത്ത് ദുരന്ത പ്രതിരോധശേഷിയുള്ളതും കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കാൻ പ്രാപ്തമായതും ശുദ്ധജല വിതരണ രംഗത്തും ശുചിത്വ മേഖലയിലും സേവനത്തിന്റെ ഗുണനിലവാരവും കാര്യക്ഷമതയും സാമ്പത്തിക |
| (ബി) | ജലവിതരണ രംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഈ പോളിസിയിലൂടെ ഉദ്ദേശിക്കുന്നുണ്ടോ;അറിയിക്കുമോ; | | |
| (സി) | 2018-ലെ പ്രളയത്തിന്റെ അനുഭവം കൂടി കണക്കിലെടുത്തുള്ള പോളിസി രൂപീകരണത്തിന് പ്രത്യേക ശ്രദ്ധ നൽകുമോ? | | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | സുസ്ഥിരതയും സുതാര്യതയും ഉറപ്പ് വരുത്തുവാൻ പോന്നതുമായ ഒരു വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ പോളിസി തയ്യാറാക്കുന്നതിലേക്കായി ഒരു സംസ്ഥാനതല കമ്മിറ്റി GO(Rt)No.303/2019/WRD നമ്പരായുള്ള 30.04.2019 ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 2019, ഡിസംബർ 31-നകം കമ്മിറ്റി അവരുടെ ശിപാർശകൾ സമർപ്പിക്കുവാനാണ് ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**